ഉത്തരം

(എ) യും (ബി) യും തിരുവനന്തപുരം, കോട്ടൂർ അംബാസമുദ്രം വഴി തിരുനെൽ വേലിക്കുള്ള റോഡ് ദേശീയപാതയായി വികസിപ്പിക്കണമെന്നും നാഷണൽ ഹൈവേ ഡവലപ്മെന്റ് പ്രോഗ്രാമിൽ (എൻ.എച്ച്.ഡി.പി.)പ്പെടുത്തി പ്രസ്തുത റോഡിന്റെ പണി ഏറ്റെടുക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) 52 കി. മീ. കുറയുന്നതാണ്.

നങ്ങ്യാർകുളങ്ങര-തട്ടാരമ്പലം റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി

88 [687] ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ നങ്ങ്യാർകുളങ്ങര-തട്ടാരമ്പലം റോഡ് ഗതാഗതയോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാകാനുള്ളത് ഏതെല്ലാം ഭാഗങ്ങളിലാണ്;

(സി) ഈ ഭാഗങ്ങളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിലുള്ള നടപടി ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ ?.

ഉത്തരം

(എ) യും (ബി) യും (സി) യും (ഡി) യും പ്രസ്തുത റോഡിന്റെ നങ്ങ്യാർകുളങ്ങര മുതൽ മുട്ടം വരെയുള്ള ഭാഗത്തിന്റെ പണിയുടെ ഇനീഷ്യൽ ലെവൽ എടുത്തു കഴിഞ്ഞു. മുട്ടം മുതൽ തട്ടാരമ്പലം വരെയുള്ള ഭാഗത്ത് ഇപ്പോൾ ബി. എം. ആന്റ് എ. സി. പണി നടന്നു വരുന്നു. നങ്ങ്യാർകുളങ്ങര മുതൽ തട്ടാരമ്പലം വരെയുള്ള റോഡിലെ എല്ലാ പാച്ചുവർക്ക് പണികളും നടത്തി റോഡ് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

കലാലയങ്ങളിൽ ഇന്റേണൽ അസ്സസ്മെന്റിന്റെ പേരിൽ വിദ്യാർത്ഥി പീഡനം

89 [688] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. കെ. എ. ചന്ദ്രൻ:

,, വർക്കല കഹാർ:

,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലാലയങ്ങളിൽ ഇന്റേണൽ അസ്സസ്മെന്റിന്റെ പേരിൽ വിദ്യാർത്ഥികളെ പീഡിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഇന്റേണൽ അസ്സസ്മെന്റിന്റെ പേരിൽ നടത്തുന്ന വിദ്യാർത്ഥി പീഡനം ഒഴിവാക്കാൻ എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ), (ബി) ആൻഡ് (സി) കോളേജുകളിലെ ഇന്റേണൽ അസ്സസ്മെന്റിന്റെ അപാകതകളെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി സംഘടനാ പ്രതിനിധികളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

പ്രീ-പ്രൈമറി സ്കൂളുകളുടെ പ്രവർത്തനം ഏകീകരിക്കുന്ന നടപടി

90 [689] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പ്രീ-പ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രീ-പ്രൈമറി സ്കൂളുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) 55 സർക്കാർ പ്രീ-പ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പരിഗണനയിലില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഗ്രേഡിംഗ് സമ്പ്രദായവും സമാന്തര വിദ്യാഭ്യാസവും

91 [690] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രേഡിംഗ് സമ്പ്രദായം പൂർണ്ണമായും നിലവിൽ വരുന്നതോടെ അത് സമാന്തര വിദ്യാഭ്യാസ രംഗത്തെ ദോഷകരമായി ബാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) സമാന്തര വിദ്യാഭ്യാസ മേഖലയിൽ ജോലി ചെയ്യുന്ന അഭ്യസ്തവിദ്യരുടെ തൊഴിൽ സംരക്ഷിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly